# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **19.06.2014 ൽ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 248**

## അംഗീകാരമില്ലാത്ത സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. എ. പ്രദീപ്കുമാർ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. സി.കെ. സദാശിവൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല. |
| (ബി) | വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ അടച്ചു പൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാനദണ്ഡ പ്രകാരം അംഗീകാരം നൽകുന്ന നടപടികൾ പൂർത്തിയായാലുടൻ അംഗീകരികാരമില്ലാത്തതും നിശ്ചിത യോഗ്യതയില്ലാത്തതുമായ സ്കുളുകൾ അടച്ചു പൂട്ടാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനായി മാനേജ്മെന്റുകൾ അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | ഉണ്ട്. ഇത്തരത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | അംഗീകാരത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാലയങ്ങൾ ചട്ടപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടവയാണോ; ഇനിയും അംഗീകാരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | അംഗീകാരത്തിന് സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ എല്ലാ മാനദണ്ഡവും പാലിച്ചിട്ടുള്ള അപേക്ഷകൾക്ക് വിദ്യാഭ്യാസ അവകാശ |

നിയമത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾക്ക് യഥേഷ്ടം അംഗീകാരം നൽകുന്നത് പൊതു വിദ്യാഭ്യാസ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്?

(ഇ) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നതല്ലയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് കൃത്യമായ മാനദണ്ഡങ്ങൾ രൂപീകരിച്ച് അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള അപേക്ഷകൾ പരിഗണിച്ചു വരുന്നത്. മേൽ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൊതു വിദ്യാഭ്യാസ മേഖലയെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl.No. | Name of District | No. of Proposal Received |
|---|---|---|
| 1 | Thiruvananthapuram | 19 |
| 2 | Kollam | 38 |
| 3 | Alappuzha | 3 |
| 4 | Pathanamthitta | 20 |
| 5 | Idukki | 33 |
| 6 | Kottayam | 13 |
| 7 | Thrissur | 47 |
| 8 | Ernakulam | 15 |
| 9 | Palakkad | 58 |
| 10 | Malappuram | 120 |
| 11 | Kozhikode | 63 |
| 12 | Kannur | 118 |
| 13 | Wayanad | 20 |
| 14 | Kasaragod | 63 |
| | **Total** | **630** |

Chitra
S.O